# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1953     16-06-2014 ന് മറുപടിയ്ക്ക്

## ഊരിനുണർവ് കാടിനുണർവ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ .ആർ.സെൽവരാജ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ലൂഡി ലൂയിസ് | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(ബഹു.വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ആദിവാസി ഊരുകളുടെ ഉന്നമനത്തിന് "ഊരിനുണർവ് കാടിനുണർവ് " - പദ്ധതികൾ വനം വകുപ്പ് പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) പ്രഖ്യാപിച്ചിട്ടുണ്ട് |
| (ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ- 676 വഴി വനം വകുപ്പ് നടപ്പാക്കാനുദ്ദേശി ക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) മിഷൻ - 676 വഴി വനം വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. കൃഷി രക്ഷാ പദ്ധതി - വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിനുള്ള സംസ്ഥാനതല പദ്ധതി.<br>2. "ഊരിനുണർവ് കാടിനുണർവ്" - ആദിവാസി ഊരുകളുടെ ഉന്നമനത്തിനുള്ള പദ്ധതി.<br>3. 'ജലസമൃദ്ധി' - ജല ലഭ്യത ഉറപ്പാക്കുന്നതിനു വേണ്ടി ജലസമൃദ്ധി എന്ന പേരിൽ ഒരു പദ്ധതിയുടെ രൂപീകരണം<br>4. ഇക്കോ കേഡറ്റ്സ് - പരിസ്ഥിതി സംരക്ഷണത്തിന്റെ സന്ദേശ വാഹകരായി വിദ്യാർത്ഥി സമൂഹത്തെ മാറ്റി എടുക്കുന്നതിന്റെ ഭാഗമായി ഇക്കോ കേഡറ്റ്സ് എന്ന പേരിൽ ഒരു വിദ്യാർത്ഥി സേനയെ വാർത്തെടുക്കാനാണ് ഉദ്ദേശിക്കുന്നത്.<br>5. കരുവിക്കൊരു കൂട് -സംസ്ഥാന വ്യാപകമായി മാദ്ധ്യമ പ്രവർത്തകരും കൂടാതെ മറ്റു സന്നദ്ധ പ്രവർത്തകരുമായി സഹകരിച്ച് അങ്ങാടി കുരുവികളുടെ സംരക്ഷണത്തിനായിയുള്ള പദ്ധതി.<br>6. പ്രകൃതി മിത്ര അവാർഡ് - ഓരോ പഞ്ചായത്തിലും ജൈവ വൈവിദ്ധ്യ |

.....2

സംരക്ഷണത്തിനായി പ്രവർത്തിക്കുന്നവരിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരു വ്യക്തിക്ക് പഞ്ചായത്തു തലത്തിൽ പ്രകൃതി മിത്ര അവാർഡ് വനം വകുപ്പ് സ്പോൺസർ ചെയ്യുന്നതാണ്.

7. Budding birders (തുടക്കകാരായ പക്ഷി നിരീക്ഷകർ) - വിദ്യാർത്ഥികളിൽ പക്ഷി നിരീക്ഷണത്തിനും, ചിത്രശലഭ നിരീക്ഷണത്തിനും കൗതുകം വളർത്തുന്നതിനായുള്ള പദ്ധതി.
8. രക്ഷയ്ക്കായി ഒരു വൃക്ഷം - പൊതുജനങ്ങൾക്കായി വർഷം തോറും ഏകദേശം 75 ലക്ഷത്തോളം വൃക്ഷ തൈകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയാണിത്.
9. തൃശ്ശൂർ മൃഗശാലയുടെ ആദ്യഘട്ട ഉദ്ഘാടനം - മാസ്റ്റർ പ്ലാൻ അനുസരിച്ച് 2016 -ൽ ഉദ്ഘാടനം ചെയ്യാൻ ലക്ഷ്യമിടുന്നു.
10. അരിപ്പയിലെ ഫോറസ്റ്റ് ട്രെയിനിംഗ് സ്കൂൾ ഫോറസ്റ്റ് അക്കാഡമി ആക്കുന്നത്.

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) മേൽ പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കുന്നതിനു വേണ്ടി വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗം 28-05-2014 ലും ഡിവിഷൻതല ഉദ്യോഗസ്ഥരുടെ ഒരു യോഗം 07-06-2014 ലും വനം വകുപ്പാസ്ഥാനത്ത് കൂടുകയുണ്ടായി. ഈ യോഗങ്ങളിലെ തീരുമാനപ്രകാരം ടി പദ്ധതികളുടെ രൂപരേഖ തയ്യാറാക്കി വരുന്നു.

(ഡി) പദ്ധതികൾ സമയബന്ധിത മായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ?

(ഡി)

1. ആദിവാസികളുടെ ഉന്നമനത്തിനായി ഊരുകളിൽ താമസിക്കുന്ന ആദിവാസികളുമായി ആശയവിനിമയം നടത്തി ഓരോ ഊരിലും വനം വകുപ്പ് മുൻകൈ എടുത്ത് അടുത്ത 2 വർഷത്തിനുള്ളിൽ നടപ്പിലാക്കുന്ന ഉപയോഗപ്രദമായ ഒരു പദ്ധതിയാണ് "കാടിനുണർവ് നാടിനുണർവ്". ഒരു മാസത്തിനകം ഓരോ ഊരിനും അനുയോജ്യവും ആവശ്യവുമായ പദ്ധതി തയ്യാറാക്കി സമർപ്പിക്കാൻ എല്ലാ സർക്കിൾ/ഡിവിഷൻ തല ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതു ലഭിച്ചശേഷം മൊത്തത്തിൽ പദ്ധതി ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കുന്നതാണ്.
2. ജലസമൃദ്ധി എന്ന പദ്ധതിയിലൂടെ അടുത്ത 2 വർഷത്തിനുള്ളിൽ 500 തടയണകളും ജലസംഭരണികളും നിർമ്മിക്കുന്നതിനുള്ള പദ്ധതിക്കുള്ള രൂപരേഖ തയ്യാറാക്കി നടപ്പാക്കുന്നതിന് വനം വകുപ്പ് വികസന

വിഭാഗത്തെ ചുമതലപ്പെടുത്തി. ജലസമൃദ്ധി പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് തടയണകളും ജലസംഭരണികളും നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ13-ാം ധനകാര്യ കമ്മീഷൻ, IFM, CAMPA തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇടുക്കി, പാലക്കാട്, വയനാട് എന്നീ 3 ജില്ലകളിൽ അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് വഴി നടപ്പാക്കുന്ന പുതിയ പദ്ധതികളിൽ തടയണകളുടെയും ജലസംഭരണികളുടേയും നിർമ്മാണം ഉൾപ്പെടുത്തുന്നുണ്ട്.

3. ഇക്കോ കേഡറ്റ്സ് - ഈ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
4. കുരുവിക്കൊരു കൂട് - ഈ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
5. പ്രകൃതി മിത്ര അവാർഡ് - ഈ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
6. Budding birders - ഈ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
7. രക്ഷയ്ക്കായി ഒരു വൃക്ഷം - ഈ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
8. തൃശ്ശൂർ മൃഗശ്ശാലയുടെ ആദ്യഘട്ട ഉദ്ഘാടനം - തൃശ്ശൂർ മൃഗശ്ശാലയുടെ മാസ്റ്റർ പ്ലാനിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപ്പിക്കുന്നതിന് സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചിട്ടുണ്ട്.
9. അരിപ്പയിലെ ഫോറസ്റ്റ് ട്രെയിനിംഗ് സ്കൂൾ ഫോറസ്റ്റ് അക്കാഡമി ആക്കുന്നതു സംബന്ധിച്ച് 07-06-2014 – ൽ നടന്ന ഉന്നതതല യോഗത്തിൽ പദ്ധതിയുടെ നടത്തിപ്പിനായി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.എച്ച്.ആർ.ഡി) യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

Adith

സെക്ഷൻ ഓഫീസർ